**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** **15-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംരക്ഷണ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എം.വിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ വായ്പാ സംഘങ്ങളെ സഹായിക്കുന്നതിന് സഹകരണ സംരക്ഷണ നിധി എത്രത്തോളം സഹായകമാണെന്നും മറ്റെന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ? | (എ) | അസാധാരണ സാഹചര്യം നിമിത്തം ദുർബലമായതോ സുഷുപ്താവസ്ഥയിലായതോ ആയ സംഘങ്ങൾ പുനരുദ്ധരിപ്പിക്കുന്നതിനായി പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി സാമ്പത്തിക സഹായം നൽകുന്നതിനു വേണ്ടി സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി രൂപീകരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി സഹകരണ മേഖലയിലും കേരളത്തിന്റെ സമ്പത് വ്യവസ്ഥയിലും സഹകരണ സംഘങ്ങളുടെ സംഭാവനകൾ തുടർന്നും ഉറപ്പാക്കുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തനക്ഷമതയും സുസ്ഥിരതയും പുന:സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. പദ്ധതി പ്രകാരം സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ്.<br><br>I. കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.<br><br>ii. പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവ മൂലം ബുദ്ധിമുട്ട് നേരിടുന്ന സംഘം ടി പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനായി ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി ജില്ലാ തല സമിതിയുടെ ശുപാർശ സഹിതം സഹകരണസംഘം രജിസ്ട്രാർ മുഖേന സംസ്ഥാന ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഉന്നതതല സമിതി പദ്ധതി റിപ്പോർട്ടിന്മേൽ ശാസ്ത്രീയ വിശകലനം നടത്തി |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണ നിർദ്ദേശത്തിന്മേൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.<br><br>iii. ദുർബലമായതോ പ്രവർത്തന രഹിതമായതോ എന്നാൽ പ്രവർത്തന സ്ഥിരത നേടാൻ കഴിവുള്ളതോ ആയതുമായ സംഘങ്ങളെയാണ് പുനരുദ്ധാരണത്തിനായി പരിഗണിക്കുന്നത്. സംഘങ്ങളുടെ പുനരുദ്ധാരണം ശാസ്ത്രീയമായ സമീപനം സ്വീകരിച്ചാണ് നടപ്പാക്കുന്നത്.<br><br>iv. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായം തിരിച്ചടയ്ക്കുന്നതിന് 2 വർഷം മോറട്ടോറിയം അനുവദിക്കുന്നതാണ്. തിരിച്ചടവ് കാലാവധി 5 വർഷം മുതൽ 10 വർഷം വരെ ആയിരിക്കും.<br><br>v. കാലാകാലങ്ങളിൽ തിരിച്ചടവ് തവണകളും പലിശ നിരക്കുകളും നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഉന്നതതല കമ്മിറ്റിയ്ക്കായിരിക്കും. പുനരുദ്ധാരണ നിർദ്ദേശം അംഗീകരിച്ച ശേഷം പദ്ധതി നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താലൂക്കുതലത്തിലും നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ